15U339 **Pages :1**

Name: ……………………

Reg. No.……………………

**THIRD SEMESTER B.A. / B.Sc. DEGREE EXAMINATION, NOVEMBER 2016**

(CUCBCSS - UG)

**CC15U MAL3 B04 - നാടകം / തിരക്കഥ**

Malayalam - Core Course

(2015 Admission)

Time: Three Hours Maximum: 80 Marks

## I ഓരോ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം.

1. ഈഡിപ്പസ് എന്ന പേരിന്റെ അർത്ഥമെന്ത്?
2. ഉദയന രാജാവിന് ലഭിച്ച സവിശേഷമായ വീണയുടെ പേരെന്ത്?
3. മലയാളത്തിലെ ആദ്യ രാഷ്ട്രീയ നാടകം എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത് ?
4. ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകത്തിന്റെ പേരുസൂചിപ്പിക്കുന്നതെന്ത ?
5. 'കന്യക' എന്ന നാടകനാമത്തിന് നിമിത്തമായ കഥാപാത്രം ആര് ?
6. 'ഒരു വംശത്തെ നശിപ്പിക്കാൻ ആ വംശത്തിനേ കഴിയൂ' എന്ന രാവണവാക്യം ആരെ ഉദ്ദേശിച്ചാണ്?
7. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകം രചിച്ചതാര്?
8. തനതു നാടകവേദി എന്ന സങ്കല്പത്തിൽ അവതരിപ്പിക്കപ്പെട്ട ആദ്യനാടകം ഏത്?
9. 'രീതിയേതായാലും മനുഷ്യൻ കടക്കാരനായാൽ മതി' എന്ന സിദ്ധാന്തം ആരുടേതാണ്?
10. 'വിവാഹത്തിന് മുമ്പ് ഞാൻ കന്യകയായിരുന്നു. എന്നാൽ ഇന്നെനിക്കതിൽ സങ്കടമുണ്ട്' എന്നുപറയുന്നതാര്?

## II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്ക് വീതം.

. 'കഥാർസിസ്' എന്നതുകൊണ്ട് അരിസ്റ്റോട്ടിൽ ഉദ്ദേശിക്കുന്നതെന്ത് ?

2\. 'സ്വപ്നവാസവദത്തം' എന്ന പേരിന് കാരണമായ സ്വപ്നദർശനം എന്തായിരുന്നു?

3\. 'പടച്ചോനേ, ഇനി ഇതിനെന്താ ഒരു വഴി' എന്ന അബൂബക്കറിന്റെ ചോദ്യത്തിന്റെ സൂചനയെന്ത് ?

14\. രാമരാവണസംഘർഷത്തിൽ വിഭീഷണൻ നിർദ്ദേശിയ്ക്കുന്ന പരിഹാരമെന്ത് ?

15\. 'മരിയ്ക്കാതെ മരണമില്ലാതെ എവിടെയോ കഴിയുന്ന ഭ്രാന്തൻ' എന്ന പ്രയോഗം ആരുടേതാണ്? ആരെക്കുറിച്ച്?

## III ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഖണ്ഡിക രൂപത്തിൽ ഉത്തരമെഴുതുക. അഞ്ചുമാർക്ക് വീതം.

16\. 'മഴ' എന്ന ചലച്ചിത്രത്തിലെ 'രാമാനുജ ശാസ്ത്രികൾ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17\. 'മണ്ണാത്തി' എന്ന കഥാപാത്രത്തിലൂടെ നാടകകൃത്ത് പറയാൻ ശ്രമിയ്ക്കുന്നതെന്തെല്ലാം?

18\. "അതല്ല, ചിത്തഭ്രമമാണിതെങ്കിൽ ചിത്തഭ്രമമേ നില്ക്കാവു നീണാൾ!" ആരുടെ വാക്കുകൾ? സാഹചര്യമെന്ത്?

19\. മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കൂട്ടുകൃഷി വിജയിക്കുന്നുണ്ടോ? പരിശോധിക്കുക.

20\. യൂജിൻ അനസ്കോവിന്റെ 'കണ്ടാമൃഗ' ത്തിന് 'റോസ്മേരി പറയാനിരുന്നത്' എന്ന നാടകവുമായുള്ള ബന്ധമെന്ത് ?

21\. "ആ ശക്തിയോടാ രാവുണ്ണി കളിത്തോക്കുംകൊണ്ട് പൊരുതുന്നത്" - ഏത് ശക്തിയോട് ? വ്യക്തമാക്കുക.

22\. രാവണൻ സീതയെ വിട്ടുകൊടുക്കാത്തതെന്തുകൊണ്ട്?

## IV ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക. പത്തുമാർക്ക് വീതം.

23\. "അരിസ്റ്റോട്ടിലിന്റെ ദുരന്ത നാടകദർശനത്തിന്റെ പൂർണ്ണത ഈഡിപ്പസ്സിൽ ദൃശ്യമാകുന്നു". ശരിയോ? ചർച്ചചെയ്യുക.

24\. മാധവിക്കുട്ടിയുടെ കഥയിൽനിന്ന് വ്യത്യസ്തമായ ഒരു ചലച്ചിത്രശില്പം നിർമ്മിക്കാൻ ലെനിൻ രാജേന്ദ്രനു സാധിയ്ക്കുന്നുണ്ടോ? എങ്ങനെ?

25\. "സ്ത്രീജിതനല്ല ശ്രീജിതനാണ് രാവണൻ" - രാവണ സങ്കല്പത്തിൽ സി.എൻ. ശ്രീകണ്ഠൻ നായർ വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാം?

26\. ഉദയന രാജാവിന്റെ സാഹസങ്ങളെ 'സ്വപ്നവാസവദത്ത'ത്തിൽ ഏതെല്ലാം വിധത്തിൽ അടയാളപ്പെടുത്തുന്നു?

27\. സമൂഹത്തിൽ ഏതുകാലത്തും സ്ത്രീ അനുഭവിയ്ക്കുന്ന അവഗണനയുടെ ചിത്രം 'കന്യക'യിൽ കാണാം. പരിശോധിയ്ക്കുക.

28\. 'രാവുണ്ണി' മുന്നോട്ടുവെക്കുന്ന ജീവിതദർശനത്തെ വിമർശനദൃഷ്ട്യാ പരിശോധിക്കുക.

*******